**വിവരാവകാശം/മറുപടി**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :18/02/2022
Email - swdkerala@gmail.com
Phone - 0471 - 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

Vishnukumar.AK
Aryamangalam(H)
Puranattukara.P.O
Trissur-680551

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 03.02.2022 തീയതിയിലെ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ആയതിന്റെ മറുപടി ചുവടെ ചേർക്കുന്നു.

1)സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി സ്ഥാപനമേധാവിക്ക് പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ജോലി സമയം ക്രമീകരിക്കാവുന്നതാണ്. കെ.എസ്.ആർ ഭാഗം-1 സെക്ഷൻ-II ൽ പരാമർശിക്കുന്ന എല്ലാ അവധികളും പ്രസ്തുത തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർക്കും ബാധകമാണ്.

2)ഇല്ല.

3)ആയ തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും എന്താണെന്ന വിവരം സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾക്കുള്ള മാനേജ്മെന്റ് മാനുവലിൽ വ്യക്തമാക്കിയിട്ടുണ്ട്. മെയിൽ അറ്റൻഡന്റ്, ഫീമെയിൽ അറ്റൻഡന്റ് തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാർ ആയ തസ്തികയിലെ ജീവനക്കാർ നിർവ്വഹിക്കുന്ന ജോലിക്ക് സമാനമായ ജോലികൾ നിർവ്വഹിക്കുന്നവരായതിനാൽ ഈ ജീവനക്കാർക്കും ക്ഷേമ സ്ഥാപനങ്ങൾക്കുള്ള മാനേജ്മെന്റ് മാനുവലിലെ വ്യവസ്ഥകൾ ബാധകമാണ്.

4)ഈ ജീവനക്കാരുടെ ഡ്യൂട്ടി എന്താണെന്ന വിവരം സാമൂഹ്യക്ഷേമ

സ്ഥാപനങ്ങൾക്കുള്ള മാനേജ്മെന്റ് മാന്വലിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ലഭ്യമാക്കുന്നതിനായി "0070-60-800-42--Other Items എന്ന ശീർഷകത്തിൽ പേജ് ഒന്നിന് 3 രൂപ പ്രകാരം ആകെ രണ്ട് പേജിന് 6 രൂപ ഒടുക്കി പ്രസ്തുത ചലാൻ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

5)കെ.എസ്.ആർ ഭാഗം-1 സെക്ഷൻ-II ൽ പരാമർശിക്കുന്ന എല്ലാ അവധികളും പ്രസ്തുത തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർക്കും ബാധകമാണ്.. ഈ ജീവനക്കാരുടെ ഡ്യൂട്ടി എന്താണെന്ന വിവരം സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾക്കുള്ള മാനേജ്മെന്റ് മാന്വലിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

6)ക്ലാസ് IV, സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കും. അന്തേവാസികളുടെ സംരക്ഷണത്തിനുമായി. സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വകുപ്പ് മേധാവി നൽകുന്ന നിർദ്ദേശ പ്രകാരം സ്ഥാപനമേധാവിക്ക് ജീവനക്കാരുടെ ജോലി സമയം ക്രമീകരിക്കാവുന്നതാണ്.

7)ചോദ്യം വ്യക്തമല്ല.

8)ചോദ്യം വ്യക്തമല്ല.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ താങ്കൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ് അപ്പീൽ അധികാരിയ്ക്ക് 30 ദിവസത്തിനകം ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്

**കെ.ഗീത അഡ്മിനിസ്ട്രേറ്റീവ് ആഫീസർ & അപ്പീൽ അധികാരി,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്,**
**വികാസ് ഭവൻ 5th Floor,**
**തിരുവനന്തപുരം.**

വിശ്വസ്തതയോടെ,

**ഹരികുമാരൻ നായർ.എ.കെ**
**സീനിയർ സൂപ്രണ്ട് &**
**സ്റ്റേറ്റ് പബ്ലികഇൻഫർമേഷൻ ഓഫീസർ,**
**സാമൂഹ്യ നീതി ഡയറക്ടറേറ്റ്,**
**തിരുവനന്തപുരം.**